Draft #3 of File 28640/CE 'SECTION S.O./2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 01-Aug-2019 04:20 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

01.08.2019 മുതൽ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് വിവിധ EN സെക്ഷനുകൾക്ക് ജോലി വിഭജിച്ച് നൽകുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 3739/EA 2/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.08.2019

---

*പരാമർശം*:-1. 27.07.2019 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ കുറിപ്പ്.

2. 30.07.2019 തീയതിയിലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

.

**ഉത്തരവ്**

01.08.2019 മുതൽ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് താഴെപ്പറഞ്ഞിരിക്കുന്ന തരത്തിൽ വിവിധ EN സെക്ഷനുകൾക്ക് പരാമർശം (2) പ്രകാരം ജോലി വിഭജിച്ച് നൽകുന്നു.

EN VIII സെക്ഷൻ പരീക്ഷാകൺട്രോളറുടെ ഓഫീസിന്റെ ഭാഗമായി പ്രവത്തിക്കും. എല്ലാ മൂല്യനിർണ്ണയ ക്യാമ്പുകളും EN VIII ന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കേണ്ടത്. മൂല്യനിർണ്ണയ ക്യാമ്പുകളുടെ ഘട്ടങ്ങളനുസരിച്ചുള്ള പുരോഗതിയുടെ അവലോകനം, മൂല്യനിർണ്ണയത്തിനുണ്ടാകുന്ന പ്രതിസന്ധികൾക്ക് ക്രിയാത്മകമായ പരിഹാരം കണ്ടെത്തൽ, വിവിധ ക്യാമ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം, എക്സാമിനർമാരുമായുള്ള നിരന്തര സമ്പർക്കം, ഡേറ്റാ സെന്ററും (EN XV) ക്യാമ്പുകളുമായുള്ള കൗണ്ടർഫോയിൽ കൈമാറ്റത്തിന്റെ മേൽനോട്ടം , EB Confidential Sections, AR XI, AR XXI എന്നിവരും ക്യാമ്പുകളുമായുള്ള സഹകരണത്തിന്റെ മാദ്ധ്യസ്ഥം എന്നിവ EN VIII സെക്ഷന്റെ സുപ്രധാന ചുമതലകളായിരിക്കും. എന്നാൽ EN VIII സെക്ഷനിലെ ഫയലുകളും മറ്റ് രേഖകളും AR XVIII, DR VIII, JR IVഎന്നിവർ മുഖേനയാകണം പരീക്ഷാകൺട്രോളർക്ക് സമർപ്പിക്കേണ്ടത്.

EN II/ EN III സെക്ഷനുകൾ മൂല്യനിർണ്ണയത്തിന് മാത്രമായുള്ള സെക്ഷനുകളായി പ്രവർത്തിക്കും. EN V, VI,VII,IX, X,XI,XII,XIV,XVI, XVII എന്നീ പത്ത് സെക്ഷനുകൾ പ്രോസസ്സിങ് സെക്ഷനുകളായി പ്രവർത്തിക്കും. പ്രോസസ്സിങ് സെക്ഷനുകൾക്ക് ഓരോരോ കോഴ്സുകൾ / പ്രോഗ്രാമുകൾ ടാബുലേഷൻ സെക്ഷനുകൾക്ക് വീതിച്ച് നൽകിയിരിക്കുന്നത് പോലെ പ്രത്യേകമായി അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതനുസരിച്ച് വീതിച്ച് നൽകുന്നു. ഇത്തരത്തിൽ നൽകപ്പെട്ടിരിക്കുന്ന കോഴ്സുകളുടെ സമ്പൂർണ്ണമായ പ്രൊസസ്സിങ് ബന്ധപ്പെട്ട EN സെക്ഷനുകളിൽ നടത്തി മുൻകൂട്ടി തയ്യാറാക്കപ്പെട്ട ഷെഡ്യൂൾ അനുസരിച്ച് മൂല്യനിർണ്ണയത്തിനായി EN II/ EN III സെക്ഷനിലേക്ക് കൈമാറേണ്ടതാണ്.

പരീക്ഷകൾ കഴിഞ്ഞാലുടൻ തന്നെ കോളേജുകളിൽ നിന്നും EN I സെക്ഷന്റെ മേൽനോട്ടത്തിൽ ഉത്തരക്കടലാസുകൾ ശേഖരിച്ച് EN VIII സെക്ഷനെ ഏൽപ്പിക്കേണ്ടതാണ് . ഇത്തരത്തിൽ EN I സെക്ഷനിൽ നിന്നും ഉത്തരക്കടലാസുകൾ സ്വീകരിക്കുവാനുള്ള ചുമതല EN VIII സെക്ഷൻ 10 പേർ

അടങ്ങിയ ഒരു Answer Paper Receiving Team -നെ ഏൽപ്പിക്കേണ്ടതാണ്. EN V, VI, VII, IX, X, XI, XII, XIV, XVI ,XVII എന്നീ സെക്ഷനുകളിലെ ഒരാളെ വീതം ഉൾപ്പെടുത്തിയാകണം ഈ ടീമിനെ രൂപീകരിക്കേണ്ടത്. EN VIII സെക്ഷൻ ഈ വിധത്തിൽ സ്വീകരിച്ച ഉത്തരക്കടലാസുകളാണ് ബന്ധപ്പെട്ട EN സെക്ഷനുകളിലേക്ക് പ്രോസസ്സിങിനായി നൽകേണ്ടത്. ഓരോ കോഴ്സുകളുടേയും പരീക്ഷകൾ കഴിയുന്ന മുറക്ക് അതത് കോളേജുകളിൽ നിന്നും ഉത്തരക്കടലാസ്സിന്റെ ബണ്ടിലുകൾ താമസംവിനാ ശേഖരിക്കുന്നുണ്ടെന്ന് EN I, EN VIII സെക്ഷനുകൾ കർശനമായും ഉറപ്പാക്കേണ്ടതാണ്.

**<u>EN സെക്ഷനുകളുടെ ജോലി വിഭജനം</u>**

| SECTION | ALLOTTED WORK (PROCESSING OF ANSWER SCRIPTS FOR VALUATION) |
|---|---|
| EN V | IMCA, DDMCA, B.Tech IV SEM, MSc Fishery Biology & Aqua Culture, MSc Applied Electronics, MSc Computer Engineering & Network Technology |
| EN VI | BSc MLT, BSc MMB, BSc MRT, BPT, B pharm, M pharm, B.Tech VII SEM |
| EN VII | Bvoc All programmes, B TECH V SEM, BARC III sem , |
| EN IX | B PEd, M PEd, , BPES, BHM, BSc Nursing, BLISc, MLISc, BFA, MFA, B TECH III SEM |
| EN X | B Ed, B Ed Special Edn, M Ed, B tech I & II sems, |
| EN XI | All LLB Programmes and LLM, BARC IV SEM |
| EN XII | MTTM, MHM, MHRM, MTA, BARC V & VI |
| EN XIV | MBA, BARC VII SEM, MTECH, |
| EN XVI | BDS, Mphil (All), B TECH VIII Sem, BARC VIII, M Sc Molecular Biology & Genetic Engineering, M Sc Medical Biochemistry, Master of Applied Science Examination in Medical Documentation, Master of Applied Science Examination in Bio Medical Instrumentation |
| EN XVII | Advanced Diploma in Archeology & Museology, B.Tech VI SEM, B.Arc I & II Sems, M Sc Medical Biochemistry, MSc Medical Microbiology, M Sc Medical Anatomy. |

| | |
|---|---|
| EN II | Conduct valuation of the following programmes:<br>IMCA, DDMCA, B Sc MLT, B Sc MMB, B Sc MRT, BPT, B Pharm, M Pharm,B Voc (All programmes), M Sc Fishery Biology & Aqua Culture, M Sc Applied Electronics, M Sc Computer Engineering & Network Technology, |
| EN III | Conduct valuation of the following programmes:<br>B PEd, M PEd, , BPES, BHM, B Sc Nursing, BLISc, MLISc , BFA, MFA,BDS, Mphil (All) , M Sc Molecular Biology & Genetic Engineering, M Sc Medical Biochemistry, Master of Applied Science Examination in Medical Documentation, Master of Applied |

Draft #3 of File 28640/CE 'SECTION S.O./2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 01-Aug-2019 04:20 PM - Page 2

Draft #3 of File 28640/CE 'SECTION S.O./2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 01-Aug-2019 04:20 PM - Page 3

| | |
|---|---|
| | Science Examination in Biomedical Instrumentation, Advanced Diploma in Archeology & Museology, M Sc Medical Bio chemistry, M Sc Medical Microbiology, M Sc Medical Anatomy. |

1) മുകളിൽ നൽകിയിരിക്കുന്ന ജോലി വിതരണത്തിൽ CPAS ഉൾപ്പെടെ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളും സെൻ്ററുകളും നടത്തുന്ന പ്രോഗ്രാമുകൾ ഉൾപ്പെടുന്നതാണ്.

2) എല്ലാ പ്രോഗ്രാമുകൾ /കോഴ്സുകൾ - ടെയും Mercy Chance, Special Examination, Supplementary പരീക്ഷകൾ എന്നിവ ഉൾപ്പെടെയാണ് ജോലി വിതരണം നടത്തിയിരിക്കുന്നത്.

3) CBCS, CBCSS, PG പ്രോഗ്രാമുകളുടെ, പ്രൈവറ്റ് സ്കീം ഉൾപ്പെടെയുള്ള,ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിനായി തയ്യാറാക്കുന്നതിന് നിലവിലുള്ളരീതി (ചോദ്യപേപ്പർ കോഡ് അനുസരിച് വിവിധ ഗ്രൂപ്പുകൾക്ക് അല്ലെങ്കിൽ
സെക്ഷനുകൾക്ക് വിതരണം ചെയ്യുന്ന രീതി ) തുടരുക.

4) EN I , IV സെക്ഷനുകൾ നിലവിൽ നൽകിയിരിക്കുന്ന ജോലികൾ തുടരേണ്ടതാണ്.

5) EN II, III സെക്ഷനുകൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രോസസ്സിംഗ് പ്രവർത്തികൾ പൂർത്തിയായാലുടൻ മുകളിൽ പറഞ്ഞിരിക്കുന്ന ജോലികൾ ആരംഭിക്കേണ്ടതാണ്. പ്രസ്തുത സെക്ഷനുകൾ, അനുവദിച്ചിരിക്കുന്ന പ്രോഗ്രാമുകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയ ചുമതല കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി ചെയ്തുതീർക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി, ബന്ധപ്പെട്ട സെക്ഷനുകൾ, താഴെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കുക.

i) പരീക്ഷ പൂർത്തിയായാൽ ഉടൻതന്നെ ബന്ധപ്പെട്ട EB സെക്ഷൻ, ചോദ്യപേപ്പർ, സ്കീം ഓഫ് വാല്യുവേഷൻ, മൂല്യകർത്താക്കളുടെ പേരുവിവരങ്ങൾ എന്നിവ ആ പ്രത്യേക പ്രോഗ്രാമിന്റെ മൂല്യനിർണയത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള സെക്ഷന് /അസിസ്റ്റന്റ് റെജിസ്ട്രാറിന് (എ .ആർ V (പരീക്ഷ) നൽകേണ്ടതാണ്.

ii) പരീക്ഷ കഴിഞ്ഞാലുടൻ ഉത്തരക്കടലാസുകൾ പ്രോസസ്സിംഗ് സെക്ഷനുകളിൽ എത്തിച്ചിട്ടുണ്ട് എന്ന് EN I സെക്ഷൻ/അസിസ്റ്റന്റ് റജിസ്ട്രാർ XVIII ഉറപ്പുവരുത്തേണ്ടതാണ്.

iii) മൂല്യനിർണയം, സർവകലാശാല ക്യാമ്പസിൽ അതിനായി പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ നടത്തേണ്ടതാണ്. മൂല്യനിർണയത്തിനു ശേഷം കൗണ്ടെർഫോയിലുകളും, മാർക് ഷീറ്റുകളും ബന്ധപ്പെട്ട അസിസ്റ്റന്റ് റജിസ്ട്രാർ

/ ടാബുലേഷൻ സെക്ഷനെ ഏൽപ്പിക്കുക. അദ്ധ്യാപകരുടെ TA/DA, പ്രതിഫല ബില്ലുകൾ ബന്ധപ്പെട്ട ഓഡിറ്റ് വിഭാഗങ്ങളിൽ ഏല്പിക്കേണ്ടതാണ്.

iv) വളരെയധികം പരീക്ഷകൾ ഒരേസമയം നടക്കുകയും മേല്പറഞ്ഞ രീതിയിൽ മൂല്യനിർണ്ണയം അസാധ്യമാവുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ആ വിവരം പരീക്ഷ കൺട്രോളറുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

v) മേൽ പറഞ്ഞ രീതിയിൽ മൂല്യനിർണയം നടക്കാത്ത സാഹചര്യങ്ങളിൽ പരീക്ഷാ കൺട്രോളറുടെ നിർദ്ദേശാനുസരണം പ്രത്യേക മൂല്യനിർണയ ക്യാമ്പുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ EN I സെക്ഷൻ സ്വീകരിക്കേണ്ടതാണ്.

vi) CBCS, CBCSS, PG എന്നിവയുടെ സോണൽ ക്യാമ്പുകളും BEd, BTech തുടങ്ങിയ പ്രോഗ്രാമുകളുടെ നിലവിലുള്ള ക്യാമ്പുകളും അതേപടി തുടരുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോൺ എ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺ ട്രോളർ എന്നിവരുടെ പി. എ മാർ

3.എല്ലാ ജെ ആർ / ഡി അർ /എ ആർ( പരീക്ഷ)

4. സി ഇ സെക്ഷൻ

5.എല്ലാ ഇ എൻ സെക്ഷനുകളും

6.ഐ ക്യു എ സി/കണ്ടന്റ് മനേജ്മെന്റ് സെക്ഷൻ

7.സ്റ്റോക് ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 28640/CE 'SECTION S.O./2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 01-Aug-2019 04:20 PM - Page 4

Draft #3 of File 28640/CE 'SECTION S.O./2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 01-Aug-2019 04:20 PM - Page 5

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം